# ബജറ്റ് പ്രസംഗം

ബഹുമാന്യരേ,

നമ്മുടെ പഞ്ചായത്തിന്റെ 2023-24 കാലത്തെ ധനപരമായ ദിശാസൂചികയായ ബഡ്ജറ്റ് നിങ്ങൾക്ക് മുൻപില് അവതരിപ്പിക്കുവാന് കഴിയുന്നതിൽ ഞാന് തികച്ചും കൃതാർത്ഥയാണ്. 14-ാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാമത്തെ ബജറ്റും ഈ ഭരണസമിതിയുടെ 3-ാം ബജറ്റുമാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഈ ബജറ്റ് വിഭാവനം ചെയ്യും പ്രകാരം വരും വർഷത്തെ വികസന പ്രതീക്ഷകളുടെയും ലക്ഷ്യങ്ങളുടേയും സാക്ഷാത്കാരമാകട്ടെയെന്ന് പ്രത്യാശിക്കുന്നു.

വരും വർഷത്തെ വികസന പ്രവർത്തനങ്ങൾക്ക് ഗതിവേഗം കൈവരിക്കുന്നതിന് പഞ്ചായത്തിന്റെ തനതായ ധനസ്രോതസ്സുകളെ ആശ്രയിക്കേണ്ടത് അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം കെട്ടിട നികുതി, തൊഴിൽ നികുതി, എന്നിവ 100 ശതമാനം പിരിച്ചെടുക്കുന്നതിനും എല്ലാ വ്യാപാരവ്യവസായ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

2023-24 പദ്ധതി രൂപീകരണ പ്രവർത്തനങ്ങള് പ്രാരംഭാവസ്ഥയിലായതിനാൽ ഉത്പാദന, സേവന, പശ്ചാത്തല മേഖലകൾക്ക് പ്രത്യേക പരിഗണന നൽകിയാണ്. ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കേദാരം, കേരഗ്രാമം, ക്ഷീരസമൃദ്ധി എന്നിങ്ങനെ വിവിധ പദ്ധതികള് പ്രകാരം ഭക്ഷ്യസ്വയംപര്യാപ്തത ലക്ഷ്യമിട്ട് ഉത്പാദന മേഖലയ്ക്ക് 1,89,00,000/-രൂപ (ഒരു കോടി എൺപത്തിയൊൻപത് ലക്ഷം മാത്രം) വകയിരുത്തിയിരിക്കുന്നു.

വിദ്യാഭ്യാസം, ദാരിദ്ര്യലഘൂകരണം, ആതുര സേവനം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പാലിയേറ്റീവ് കെയർ രോഗികൾ, എന്നിവർക്കുള്ള ക്ഷേമ പദ്ധതികൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതം, ലൈഫ് ഭവന പദ്ധതി ലോൺ എന്നിവ കൂടി പരിഗണിച്ച് സേവനമേഖലയിലേക്ക് 23,93,43,000/- രൂപ(ഇരുപത്തിമൂന്ന് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി നാൽപ്പത്തിമൂവായിരം രൂപമാത്രം) നീക്കി വെക്കുന്നു.

പശ്ചാത്തലമേഖലയിൽ വരും വർഷം ഗ്രാമപഞ്ചായത്തിന്റെ മുഖഛായ മാറ്റുന്ന വികസന പ്രവർത്തനങ്ങളാണ് സംഭവ്യമാകുമെന്ന് പ്രതീക്ഷിക്കുന്നത്. പെരുങ്കടവിളയിൽ3 കോടി രൂപ ചെലവില് മൾട്ടി പർപ്പസ് കൺവെൻഷന് സെന്റര് നിർമ്മാണം, അരുവിപ്പുറത്ത് സാംസ്ക്കാരിക വകുപ്പിന്റെ സഹായത്തോടെ 1 കോടി രൂപ ചെലവിലുള്ള ലൈബ്രറി കം സാംസ്കാരിക നിലയം, പഴമലയിൽ ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയി ആസ്തി നിർമ്മാണത്തിലുൾപ്പെടുത്തി ടർഫ് നിർമ്മാണം, ജില്ലാപഞ്ചായത്ത് സഹായത്തോടെ അരുവിപ്പുറത്തുള്ള ടോയിലറ്റ് കോംപ്ലക്സ് നിർമ്മാണം,

നിലവിലെ വെറ്റിനറി മൃഗാശുപത്രിയുടെ നവീകരണം എന്നിവ പ്രത്യേക പരാമർശമർഹിക്കുന്നു.

കലാകായിക രംഗത്തും വ്യവസായ സംരഭക രംഗത്തും പ്രത്യേകം ശ്രദ്ധ പതിപ്പിച്ചുകൊണ്ടും ആരോഗ്യ സംരക്ഷണം, ശുചിത്വ പരിപാലനം, ഖരമാലിന്യ സംസ്കരണം, വനിതാ-ശിശു ക്ഷേമം, യുവജനക്ഷേമം, വയോജന ക്ഷേമം, പട്ടികജാതി ക്ഷേമം, പാലിയേറ്റീവ് കെയർ, രോഗനിവാരണ പ്രതിരോധ പ്രവർത്തനങ്ങള്, പ്രകൃതി സംരക്ഷണം, തീർത്ഥാടന ടൂറിസം എന്നിവയ്ക്ക് പ്രത്യേക ഊന്നല് നൽകിക്കൊണ്ടുമാണ് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

2023-24 വർഷത്തെ ബജറ്റില് നികുതി വരുമാനമായി 66,00,000/-രുപയും നികുതിയിതര വരുമാനമായി 33,75,000/- രൂപയും ജനറല് പർപ്പസ് ഫണ്ട് 1,43,32,000/- രൂപയുമുൾപ്പടെ തനത് ഫണ്ടിനത്തില് 2,43,07,000/-രൂപയും, ലൈഫ് ഭവന പദ്ധതി-കെയുആർഡിഎഫ്സിവായ്പ 12,00,00,000/- രൂപ തൊഴിലുറപ്പ് പദ്ധതി വിഹിതം 9,00,00,000/-രുപ ഉൾപ്പടെപദ്ധതി ചെലവുകൾക്കുള്ള റവന്യു ഗ്രാന്റുകള് ആകെ 27,48,71,000/-രൂപയും, ക്ഷേമപെൻഷനുകൾക്കുള്ള പദ്ധതിയിതര വരവ് 8,50,00,000/-രൂപയുമുൾപ്പടെ ആകെ റവന്യൂ വരവ് 38,41,78,000/-രൂപയും, മുലധനവരവ് വായ്പ വാങ്ങൽ 55,00,000/- രൂപയും വായ്പ ഒഴികെ മൂലധന വരവുകൾ 5,25,00,000/-രൂപയും ഉൾപ്പടെ ആകെ വരവ് 44,21,78,000/-രൂപയാണ്. പ്രാരംഭ ബാക്കി 71,92,205/-രൂപയും ചേർത്ത് 44,93,70,205/-രൂപ വരവ് പ്രതീക്ഷിക്കുന്നു,

2023-24ൽ ചെലവിനത്തില് അനിവാര്യ ചുമതലകൾക്കായി 2,42,77,500/-രുപയും റവന്യു ഗ്രാന്റില് നിന്നുള്ള പദ്ധതി ചെലവുകൾക്ക് 27,68,47,000/-രൂപയും റവന്യു ഗ്രാന്റില് നിന്നുള്ള പദ്ധതിയിതര ചെലവുകൾക്ക് 8,50,00,000/- രൂപയുമുൾപ്പടെ ആകെ റവന്യു ചെലവുകള് 38,61,24,500/-രൂപയും മുലധന ചെലവ് വായ്പാ തിരിച്ചടവ് 55,00,000/-രൂപ മറ്റ് മൂലധന ചെലവുകൾ 5,63,00,000/- ഉൾപ്പടെ ആകെ മൂലധന ചെലവ് 6,18,00,000/-രൂപ, ഇപ്രകാരം ആകെ 44,79,24,500/-രൂപ ചെലവും 14,45,705/-രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിന്റെ സർവതോന്മുഖമായ പുരോഗതിക്കും നെടുനായകത്വം വഹിച്ച എല്ലാ ഭരണസമിതി അംഗങ്ങളേയും, ജീവനക്കാരേയും നിർവ്വഹണ ഉദ്യോഗസ്ഥരേയും ഈ അവസരത്തില് അഭിനന്ദിക്കുന്നു. സമഗ്രമായ വിലയിരുത്തലിനും ആരോഗ്യകരമായ ചർച്ചക്കും അംഗീകാരത്തിനുമായി ഈ ബജറ്റ് സാദരം സമർപ്പിക്കുന്നു.

എസ് ബിന്ദു
വൈസ് പ്രസിഡന്റ്
പെരുങ്കടവിള ഗ്രാമപഞ്ചായത്ത്.